# കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ

ഫോൺ: 0471-2311215, e-mail: kswcfcscholarship@gmail.com Website: www.kswcfc.org

## വിദ്യാസമുന്നതി സ്കോളർഷിപ്പ് (2023-24) – ഹൈസ്കൂൾ തലം- അപേക്ഷകൾ ഓൺലൈനായി ക്ഷണിക്കുന്നു.

കേരള സംസ്ഥാനത്തിലെ മുന്നാക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് വിദ്യാസമുന്നതി സ്കോളർഷിപ്പിന് അപേക്ഷിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ:-

- അപേക്ഷകർ കേരള സംസ്ഥാനത്തിലെ സംവരണേതര വിഭാഗങ്ങളിൽ ഉൾപ്പെടുന്നവ രാകണം.
- കേരളത്തിലെ സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിൽ പഠിക്കുന്നവർക്ക് മാത്രം അപേക്ഷിക്കാം
- അപേക്ഷകർ www.kswcfc.org എന്ന വെബ്സൈറ്റിൽ **ഒറ്റത്തവണ മാത്രം നിർബന്ധ മായും** രജിസ്റ്റർ ചെയ്യേണ്ടതും, രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പരിലേക്ക് ലഭിക്കുന്ന User Name & Password ഉപയോഗിച്ച് Login ചെയ്ത് Profile create ചെയ്തതിന്ശേഷം സകോളർഷിപ്പിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതുമാണ്.
- അപേക്ഷകരുടെ കുടുംബ വാർഷിക വരുമാനം എല്ലാ മാർഗ്ഗങ്ങളിൽ നിന്നും നാല് ലക്ഷം (4,00,000/-) രൂപ കവിയാൻ പാടുള്ളതല്ല.
- അപേക്ഷകൾ ഓൺലൈനായിട്ടാണ് അയയ്ക്കേണ്ടത്. ഓൺലൈനായി അപേക്ഷ സമർപ്പിക്കുമ്പോൾ അതത് സ്കീമുകൾക്കായി ആവശ്യപ്പെട്ടിട്ടുള്ള രേഖകൾ സ്കാൻ ചെയ്ത് അപേക്ഷയോടൊപ്പം അയയ്ക്കേണ്ടതാണ്.
- സ്കോളർഷിപ്പ് പുതുക്കൽ ഇല്ലാത്തതിനാൽ **മുൻ വർഷങ്ങളിൽ സ്കോളർഷിപ്പ് ലഭി ച്ചവരും പുതുതായി അപേക്ഷിക്കേണ്ടതാണ്.**
- സ്കോളർഷിപ്പ് ലഭിക്കുന്നതിന് അപേക്ഷകരായ വിദ്യാർത്ഥികൾക്ക് നാഷണലൈസ്ഡ്/ ഷെഡ്യൂൾഡ് ബാങ്കുകളുടെ ഏതെങ്കിലും ഒരു ശാഖയിൽ പ്രവർത്തനക്ഷമമായ/ സാധു വായ അക്കൗണ്ട് ഉണ്ടായിരിക്കേണ്ടതാണ്.
- കുറഞ്ഞ വരുമാന പരിധിയിൽപ്പെടുന്നവർക്ക് മുൻഗണന നൽകികൊണ്ടും, ഫണ്ടിന്റെ ലഭ്യതയ്ക്കനുസൃതമായിട്ടുമാണ് ഗുണഭോക്താക്കളുടെ അന്തിമപട്ടിക തയ്യാറാക്കുന്നത്.
- അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ളതും, അപേക്ഷകരായ വിദ്യാർത്ഥികളുടെ പേരിൽ ഉള്ളതുമായ ബാങ്ക് അക്കൗണ്ടിലേക്ക് മാത്രമേ ധനസഹായം ലഭ്യമാക്കുകയുള്ളൂ. **ബാങ്ക് അക്കൗണ്ട് നമ്പർ രേഖപ്പെടുത്തുന്നതിലെ പിഴവുകൾ / തന്നിട്ടുള്ള ബാങ്ക് അക്കൗണ്ടു കൾ പ്രവർത്തനക്ഷമമല്ലാതിരിക്കുക/ സാധുത ഇല്ലാതിരിക്കുക എന്നിവ മൂലം ഉണ്ടാ കുന്ന miscredit ന് അപേക്ഷകർ മാത്രം ഉത്തരവാദിയായിരിക്കും**
- ഓൺലൈൻ അപേക്ഷയിലെ നേരിയ പിഴവുകൾ പോലും അപേക്ഷ നിരസിക്കുന്നതിന് കാരണമാകുമെന്നതിനാൽ അപേക്ഷ സമർപ്പിക്കുന്ന നടപടിക്രമങ്ങൾ അതീവ ജാഗ്രത യോടെ പൂർത്തിയാക്കേണ്ടതാണ്. വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുള്ള മാതൃകയിൽ സമർപ്പിക്കുന്ന സർട്ടിഫിക്കറ്റുകൾ മാത്രമേ സ്വീകരിക്കുകയുള്ളൂ.
- പരിശോധനയിൽ തെറ്റായ വിവരം രേഖപ്പെടുത്തിയിട്ടുള്ളതും, അവ്യക്തമായ രേഖകൾ Upload ചെയ്തിട്ടുള്ളതും, അപൂർണ്ണമായതുമായ അപേക്ഷകൾ നിരസിക്കുന്നതായിരി ക്കും. പിന്നീടുള്ള പരാതികൾ സ്വീകരിക്കുന്നതല്ല.

- ഇ-ഗ്രാന്റ് ഒഴികെ **കേന്ദ്ര/സംസ്ഥാന സർക്കാരുകളുടെ മറ്റിതര സ്കോളർഷിപ്പുകൾ/ സ്റ്റൈപന്റുകൾ ലഭിക്കുന്ന വിദ്യാർത്ഥികൾ ഈ സ്കോളർഷിപ്പിന് അപേക്ഷിക്കുവാൻ അർഹരല്ല.** ഇത് സംബന്ധിച്ച് തെറ്റായ വിവരം അപേക്ഷയിൽ രേഖപ്പെടുത്തിയതായി തെളിയുന്ന പക്ഷം സ്കോളർഷിപ്പിനത്തിൽ ലഭ്യമായ തുക 12% കൂട്ടുപലിശയും ചേർത്ത് തിരിച്ചടക്കേണ്ടതാണ്. പ്രസ്തുത വിദ്യാർത്ഥി തുടർന്ന് സ്കോളർഷിപ്പിന് അപേക്ഷിക്കാൻ അർഹനല്ലാതാകുന്നു.
- ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിന് മുമ്പായി മാർഗ്ഗനിർദ്ദേശപ്രകാരമുള്ള എല്ലാ വിവരങ്ങളും (രേഖകൾ സഹിതം) ലഭ്യമാക്കിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തുക.
- ഓൺലൈൻ അപേക്ഷ സമർപ്പിച്ചവർ അപേക്ഷയുടെയും, രേഖകളുടെയും പകർപ്പുകൾ കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷന് തപാലിൽ **അയച്ചുതരേണ്ടതില്ല.**
- സ്കോളർഷിപ്പ് നൽകുന്നത് സംബന്ധിച്ച കോർപ്പറേഷന്റെ തീരുമാനം അന്തിമമാണ്. ഇതുസംബന്ധിച്ച അപ്പീലുകൾ സ്വീകരിക്കുന്നതല്ല.
- **ഓൺലൈൻ അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 06/02/2024.**

## വിദ്യാസമുന്നതി സ്കോളർഷിപ്പ് - വിശദാംശങ്ങൾ

| വിദ്യാസമുന്നതി -സ്കോളർഷിപ്പ് (2023-24) | പ്രതിവർഷ സ്കോളർ ഷിപ്പ് തുക (2023-24) | സ്കോളർഷി പ്പുകളുടെ എണ്ണം (ഫണ്ടിന് ആനുപാതിക മായി) | അംഗീകരിക്കപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങൾ | അടിസ്ഥാന യോഗ്യത | അപേക്ഷയോടൊപ്പം അപ്ലോഡ് ചെയ്യേണ്ട രേഖകൾ |
|---|---|---|---|---|---|
| **ഹൈസ്കൂൾ (8,9,10 ക്ലാസ്സുകൾ)** | 2,500/- | 8000 | സർക്കാർ/ എയിഡഡ് | മുൻ വാർഷിക പരീക്ഷയിൽ 70% മാർക്ക്. | • സ്കൂൾ മേലധികാരിയുടെ നിശ്ചിത മാതൃകയിലുള്ള സാക്ഷ്യപത്രം (മാതൃക വെബ്സൈറ്റിൽ ലഭ്യമാണ്)<br>• വരുമാന സർട്ടിഫിക്കറ്റ് (വില്ലേജ്ഓഫീസർ നൽകുന്നത്).<br>• ജാതി തെളിയിക്കുന്ന രേഖ - വില്ലേജ് ഓഫീസർ നൽകുന്ന ജാതി രേഖപ്പെടുത്തിയ സർട്ടിഫിക്കറ്റ്<br>• ബാങ്ക് പാസ്സ് ബുക്കിന്റെ ആദ്യപേജ്(അക്കൗണ്ട് നമ്പർ, IFSC,ബ്രാഞ്ച് എന്നിവ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം)<br>• ജനന സർട്ടിഫിക്കറ്റ്. |